പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *288          19.07.2016 ലെ മറുപടിയ്ക്ക്

## കർഷക ആത്മഹത്യകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.എം. മണി<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.ആന്റണി ജോൺ | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് കർഷക ആത്മഹത്യകൾ വർദ്ധിച്ചിരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 2011-ൽ വയനാട് ജില്ലയിൽ കർഷക ആത്മഹത്യ റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ ജില്ലയിലെ കാർഷിക പ്രതിസന്ധിയെക്കുറിച്ച് പഠനം നടത്തിയിരുന്നു.<br>പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശം, കാർഷികോല്പന്നങ്ങളുടെ വിലയിടിവ്, കീടരോഗബാധയാലുള്ള വിളനാശം, കാർഷിക വില .തകർച്ചയാൽ ലോണുകൾ തിരിച്ചടക്കാൻ സാധിക്കാതിരിക്കുക, സ്വകാര്യ പണമിടപാടുകാരിൽ നിന്നും അമിത പലിശക്കു പണം കടമെടുക്കുകയും ഇവ തിരിച്ചടക്കാൻ സാധിക്കാതെ വരുന്നതും പ്രധാന കാരണങ്ങളായി പൊതുവിൽ വിലയിരുത്തപ്പെടുന്നു. ഇതിനു പുറമേ നിയമസഭ അഷ്വറൻസ് കമ്മിറ്റി നടത്തിയ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. |
| ബി) കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ചയും കാർഷിക രംഗത്തെ പ്രതിസന്ധികളും മൂലം കർഷകർ വളരെ ദുരിതത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | കാർഷിക ലോണുകൾ എടുത്ത കർഷകർക്കെതിരെ ബാങ്കുകൾ സ്വീകരിക്കുന്ന ജപ്തി, ലേല നടപടികൾ നിർത്തി വച്ച് കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; | (സി) & (ഡി) | കാർഷിക ലോണുകൾ എടുത്ത കർഷകർക്കെതിരെ ബാങ്കുകൾ സ്വീകരിക്കുന്ന ജപ്തി ലേല നടപടികൾ നിർത്തി വച്ച് കാർഷിക കടങ്ങൾക്ക് പ്രഖ്യാപിച്ച മൊറട്ടോറിയം 30.06.2016 ൽ അവസാനിച്ചു.<br>മൊറട്ടോറിയം പ്രഖ്യാപിക്കുന്നതു സംബന്ധിച്ച വിഷയവും കർഷകരുടെ കാർഷിക ലോണുകൾ എഴുതി തള്ളുന്ന വിഷയവും പരിശോധിക്കുന്നതാണ്. |
| (ഡി) | ഇപ്രകാരം ദുരിതത്തിലായ കർഷകരുടെ കാർഷിക ലോണുകൾ എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; | | |
| (ഇ) | കർഷകർക്ക് ആശ്വാസം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഇ) | റബ്ബർ ഉൾപ്പെടെയുള്ള നാണ്യ വിളകളുടെ വിലതകർച്ച നേരിടാൻ സ്പെഷ്യൽ പാക്കേജ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിലാക്കും. നെല്ലിന്റെയും റബ്ബറിന്റേയും നാളികേരത്തിന്റെയും താങ്ങുവില യഥാസമയം വിതരണം ചെയ്യുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കും. ചെറുകിട നാമമാത്ര കർഷകർക്ക് പലിശ രഹിത വായ്പകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കും. കാർഷിക ലോണുകൾ സമയബന്ധിതമായി കൊടുത്തു തീർക്കും, നെൽകൃഷിക്കുള്ള സംസ്ഥാന വിള ഇൻഷ്വറൻസ് നഷ്ടപരിഹാര തുക വർദ്ധിപ്പിക്കും. കൂടാതെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് എല്ലാ വിളകൾക്കും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ